പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4254 | 12.11.2019-ൽ മറുപടിക്ക്

## തേവരയിൽ റോഡിലെ ട്രാൻസ്ഫോർമറുകൾ മാറ്റി സ്ഥാപിക്കാൻ നടപടി

| | ചോദ്യം<br>ശ്രീ. ജോൺ ഫെർണാണ്ടസ് | | മറുപടി<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കൊച്ചി തേവര പണ്ഡിറ്റ് കറുപ്പൻ റോഡിലെ വീതി കുറഞ്ഞ സ്ഥലത്ത് സ്ഥാപിച്ചിരിക്കുന്ന മൂന്ന് ട്രാൻസ്ഫോർമറുകൾ മൂലം നേരിടുന്ന അപകടങ്ങളും ഗതാഗത പ്രശ്നങ്ങളും കണക്കിലെടുത്ത് പ്രസ്തുത ട്രാൻസ്ഫോർമറുകൾ ഇവിടെ നിന്നും മാറ്റി സ്ഥാപിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (എ) | കൊച്ചി തേവര പണ്ഡിറ്റ് കറുപ്പൻ റോഡിലെ വീതി കുറഞ്ഞ സ്ഥലത്തു സ്ഥിതിചെയ്യുന്ന രണ്ടു ട്രാൻസ്ഫോർമറുകൾ മാറ്റി സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ; | (ബി) (സി) & (ഡി) | ഇപ്പോൾ ട്രാൻസ്ഫോർമറുകൾ സ്ഥിതി ചെയ്യുന്നതിന് പിറകിലായുള്ള KWA യുടെ സ്ഥലത്തേയ്ക്ക് ട്രാൻസ്ഫോർമറുകൾ മാറ്റി സ്ഥാപിക്കുവാൻ പ്രസ്തുത സ്ഥലം വിട്ടുനൽകണമെന്ന അഭ്യർത്ഥിച്ചുകൊണ്ടു KWA യുടെ സൂപ്രണ്ടിംഗ് എൻജിനീയർക്കു എറണാകുളം ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയർ 19.08.2019 ന് കത്ത് നൽകിയിട്ടുണ്ട്. അപേക്ഷയിന്മേൽ ജല അതോറിറ്റിയുടെ അനുമതി ലഭ്യമായിട്ടില്ല. |
| (സി) | ജല അതോറിറ്റിയുടെ വക സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള അനുവാദത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ ; | | |
| (ഡി) | പ്രസ്തുത അപേക്ഷയിൽ ജല അതോറിറ്റിയുടെ അനുമതി ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കാമോ? | | |

(ഒപ്പ്)

സെക്ഷൻ ഓഫീസർ